# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: **8186**

**17.07.2014** ൽ മറുപടിക്ക്

<u>പഴശ്ശി പദ്ധതി സ്ഥലം കൈമാറുന്നതിന് നടപടി</u>

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. എം. ഷാജി | ശ്രീ.പി.ജെ.ജോസഫ് (ജലവിഭവവകുപ്പ് മന്ത്രി) |
| (എ) അഴീക്കോട് നിയോജകമണ്ഡലത്തിലെ നാറാത്ത് ഗ്രാമപഞ്ചായത്തിന് അംഗൻ വാടി നിർമ്മിക്കുന്നതിന് പഴശ്ശി പദ്ധതിയുടെ സ്ഥലം കൈമാറുന്നതിന് നാറാത്ത് ഗ്രാമപഞ്ചായത്ത് സമർപ്പിച്ച അപേക്ഷയിൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;<br><br>(ബി) പ്രസ്തുത വിഷയത്തിൽ കോഴിക്കോട്, ഇറിഗേഷൻ പ്രോജക്ട്സ് ചീഫ് എഞ്ചിനീയർ സർക്കാരിലേക്ക് അയച്ച 09-04-2014 ലെ ഇ4/1669/2014 നമ്പർ കത്തിൻമേൽ അന്തിമ തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ;<br><br>(സി) പഴശ്ശി പദ്ധതിയുടെ സ്ഥലത്തിൽ നിന്ന് മൂന്ന് സെന്റ് സ്ഥലം നാറാത്ത് ഗ്രാമപഞ്ചായത്തിന് അംഗൻ വാടി നിർമ്മിക്കുന്നതിനുവേണ്ടി കൈമാറുന്നതിന് നടപടി സ്വീകരിക്കുമോ; എന്നത്തേക്ക് നടപടി ക്രമങ്ങൾ പൂർത്തിയാക്കാനാവുമെന്ന് വ്യക്തമാക്കുമോ? | (എ) (ബി) & (സി) നാറാത്ത് ഗ്രാമപഞ്ചായത്തിന്റെ അപേക്ഷ പരിശോധിച്ച് പദ്ധതി വിഭാഗം 1 ചീഫ് എഞ്ചിനീയർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഭൂമി വിട്ടുനൽകുന്നതിനുള്ള അനുമതി സംബന്ധിച്ച തീരുമാനം കൈക്കൊള്ളുന്നതുമായി ബന്ധപ്പെട്ട വിഷയം പരിശോധിച്ചു വരികയാണ്. അനുമതി നൽകുന്നതിനുള്ള തീരുമാനമാകുന്ന മുറയ്ക്ക് ഭൂമി കൈമാറ്റത്തിനായുള്ള റവന്യൂതല തുടർനടപടികൾ ആരംഭിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ